**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5396** **03-11-2021 - ൽ മറുപടിയ്ക്ക്**

**പൂഞ്ഞാർ മണ്ഡലത്തിലെ തകർന്ന ഗതാഗത, വൈദ്യുതി വിതരണ സംവിധാനങ്ങളുടെ പുന:സ്ഥാപനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | പൂഞ്ഞാർ മണ്ഡലത്തിൽ കനത്ത മഴയെത്തുടർന്നുണ്ടായ ഉരുൾപൊട്ടലിലും മണ്ണിടിച്ചിലിലും വെള്ളപ്പൊക്കത്തിലും തകർന്ന ഗതാഗത-വൈദ്യുതി വിതരണ സംവിധാനങ്ങൾ പൂർവ്വസ്ഥിതിയിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | ഉണ്ട്. കനത്ത മഴയെത്തുടർന്നുണ്ടായ മലവെള്ളപ്പാച്ചിലിൽ പൂഞ്ഞാർ മണ്ഡലത്തിലെ കൂട്ടിക്കൽ, മുണ്ടക്കയം, എരുമേലി, കാഞ്ഞിരപ്പള്ളി, പാറത്തോട്, പൂഞ്ഞാർ, ഈരാറ്റുപേട്ട തുടങ്ങിയ പ്രദേശങ്ങളിൽ കനത്ത നാശനഷ്ടങ്ങളുണ്ടായി. കൂട്ടിക്കൽ മേഖലയിലാണ് വ്യാപകമായ നാശനഷ്ടം രേഖപ്പെടുത്തിയത്. പ്രളയത്തിലും മണ്ണിടിച്ചിലിലും തകർന്ന ഗതാഗത വൈദ്യുതി വിതരണ സംവിധാനങ്ങൾ പൂർവ്വ സ്ഥിതിയിലാക്കാൻ പൊതുമരാത്ത് വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കെ.എസ്.ഇ.ബി എന്നിവ അടിയന്തിര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രാഥമിക വിവരങ്ങളുടെ അടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി. യ്ക്ക് 3.20 കോടി രൂപയുടെ നാശനഷ്ടം ഉണ്ടായതായി കണക്കാക്കപ്പെടുന്നു. പൂഞ്ഞാർ മണ്ഡലത്തിലെ പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന്റെ പരിധിയിൽ വരുന്ന 59 റോഡുകളിലാണ് പ്രധാനമായും നാശനഷ്ടങ്ങൾ സംഭവിച്ചിട്ടുള്ളത് ഇവയിൽ മുണ്ടക്കയം കൂട്ടിക്കൽ-ഇളംകാട് -വല്യേന്താ-കോലാഹലമേട്-വാഗമൺ റോഡും കൂട്ടിക്കൽ - കാവാലി - പ്ലാപ്പള്ളി - ഏന്തയാർ റോഡും ഒഴികെയുള്ള എല്ലാ റോഡുകളിലും ഗതാഗതം പുനസ്ഥാപിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത മണ്ഡലത്തിലെ തകർന്ന റോഡുകളും പാലങ്ങളും സംരക്ഷണഭിത്തികളും പുന:നിർമ്മിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | റോഡുകൾക്കും പാലങ്ങൾക്കുമുണ്ടായ നാശനഷ്ടങ്ങൾ അടിസ്ഥാനമാക്കി അറ്റകുറ്റപ്പണികൾക്കും പുനർനിമ്മാണത്തിനും പരിപാലനത്തിനും ആവശ്യമായ തുകയ്ക്കുള്ള എസ്റ്റിമേറ്റുകൾ തയ്യാറാക്കി റോഡുകൾ അടിയന്തിരമായി പൂർവ്വസ്ഥിതിയിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ

**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5396** **03-11-2021 - ൽ മറുപടിയ്ക്ക്**

**പൂഞ്ഞാർ മണ്ഡലത്തിലെ തകർന്ന ഗതാഗത, വൈദ്യുതി വിതരണ സംവിധാനങ്ങളുടെ പുന:സ്ഥാപനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | പൂഞ്ഞാർ മണ്ഡലത്തിൽ കനത്ത മഴയെത്തുടർന്നുണ്ടായ ഉരുൾപൊട്ടലിലും മണ്ണിടിച്ചിലിലും വെള്ളപ്പൊക്കത്തിലും തകർന്ന ഗതാഗത-വൈദ്യുതി വിതരണ സംവിധാനങ്ങൾ പൂർവ്വസ്ഥിതിയിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | ഉണ്ട്. കനത്ത മഴയെത്തുടർന്നുണ്ടായ മലവെള്ളപ്പാച്ചിലിൽ പൂഞ്ഞാർ മണ്ഡലത്തിലെ കൂട്ടിക്കൽ, മുണ്ടക്കയം, എരുമേലി, കാഞ്ഞിരപ്പള്ളി, പാറത്തോട്, പൂഞ്ഞാർ, ഈരാറ്റുപേട്ട തുടങ്ങിയ പ്രദേശങ്ങളിൽ കനത്ത നാശനഷ്ടങ്ങളുണ്ടായി. കൂട്ടിക്കൽ മേഖലയിലാണ് വ്യാപകമായ നാശനഷ്ടം രേഖപ്പെടുത്തിയത്. പ്രളയത്തിലും മണ്ണിടിച്ചിലിലും തകർന്ന ഗതാഗത വൈദ്യുതി വിതരണ സംവിധാനങ്ങൾ പൂർവ്വ സ്ഥിതിയിലാക്കാൻ പൊതുമരാത്ത് വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കെ.എസ്.ഇ.ബി എന്നിവ അടിയന്തിര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രാഥമിക വിവരങ്ങളുടെ അടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി.യ്ക്ക് 3.20 കോടി രൂപയുടെ നാശനഷ്ടം ഉണ്ടായതായി കണക്കാക്കപ്പെടുന്നു. പൂഞ്ഞാർ മണ്ഡലത്തിലെ പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന്റെ പരിധിയിൽ വരുന്ന 59 റോഡുകളിലാണ് പ്രധാനമായും നാശനഷ്ടങ്ങൾ സംഭവിച്ചിട്ടുള്ളത് ഇവയിൽ മുണ്ടക്കയം കൂട്ടിക്കൽ-ഇളംകാട് -വല്യേന്താ-കോലാഹലമേട്-വാഗമൺ റോഡും കൂട്ടിക്കൽ - കാവാലി - പ്ലാപ്പള്ളി - ഏന്തയാർ റോഡും ഒഴികെയുള്ള എല്ലാ റോഡുകളിലും ഗതാഗതം പുനസ്ഥാപിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത മണ്ഡലത്തിലെ തകർന്ന റോഡുകളും പാലങ്ങളും സംരക്ഷണഭിത്തികളും പുന:നിർമ്മിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | റോഡുകൾക്കും പാലങ്ങൾക്കുമുണ്ടായ നാശനഷ്ടങ്ങൾ അടിസ്ഥാനമാക്കി അറ്റകുറ്റപ്പണികൾക്കും പുനർനിമ്മാണത്തിനും പരിപാലനത്തിനും ആവശ്യമായ തുകയ്ക്കുള്ള എസ്റ്റിമേറ്റുകൾ തയ്യാറാക്കി റോഡുകൾ അടിയന്തിരമായി പൂർവ്വസ്ഥിതിയിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ